ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ : അതെ ഒരു ആലോചന ഉണ്ടായി. ദക്ഷിണ...സംസ്ഥാനത്തെപ്പറ്റി സംസാരിക്കുമ്പോൾ ആ ശ്രമന്ത്രി ഇൻഡ്യൻപ്രധാനമന്ത്രി പറഞ്ഞു. അതുകൊണ്ടാണ് അതിനെപ്പറ്റി ആലോചിക്കാൻ പോയത്.

ശ്രീ. ആർ. പ്രകാശം : പ്രൊവിൻഷ്യൽ കോൺഗ്രസ്സ് കമ്മിറ്റി ദക്ഷിണ സംസ്ഥാനം വേണ്ടെന്ന് പറഞ്ഞിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ : അതെപ്പറ്റി പി. സി. സി. പ്രസിഡന്റിനോട് ചോദിക്കണം.

ശ്രീ. സി. ജെ. സദാശിവൻ : പൊതുജനാഭിപ്രായം മനസ്സിലാക്കിയതിനുശേഷവും ഇതിനെപ്പറ്റി എന്തിനാണ് ആലോചിച്ചത് ?

ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ : അനുഭവപരിജ്ഞാനമായ സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ അഭിപ്രായമാരായുകമാത്രമല്ല.

സെക്കൻഡറി പ്രൈവറ്റ് സ്കൂളദ്ധ്യാപകർ.

* 120. [28] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് ഫസ്റ്റ് ഗ്രേഡ് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത് ;

(ബി) ഫസ്റ്റ് ഗ്രേഡ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അദ്ധ്യാപകരിൽനിന്നു നിവേദനം ലഭിച്ചിട്ടുണ്ടോ ; അതിന്മേൽ എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ) :

(എ) ഗവണ്മെന്റ് സ്കൂൾ അദ്ധ്യാപകന്മാരുടെ തസ്തിക സംബന്ധിച്ച് സംസ്ഥാനമൊട്ടാകെയുള്ള സീനിയോറിറ്റി ഏർപ്പെടുത്തുന്നു. അതു ഫസ്റ്റ് ഗ്രേഡും സെക്കൻഡ് ഗ്രേഡും സംബന്ധിച്ചിടത്തോളം രണ്ടിനും ഏഴ് എന്ന ശമ്പളനിരക്കിൽ നിശ്ചയിച്ചിട്ടുമുണ്ട്. എന്നാൽ പ്രൈവറ്റ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം അവ പ്രത്യേകം പ്രത്യേകം മാനേജ്മെന്റിന്റെ കീഴിലായതുകൊണ്ട് ഒരു അനുപാതപ്രകാരം ഗ്രേഡ് തിരിക്കുന്നതിന് സാധിച്ചിട്ടില്ല.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. അനുവദിച്ചിട്ടില്ല.

Thottappally Spillway.

* 121. [29] SHRI V. P. PARAMESWARAN NAMBOODIRI : Will the Minister for Works be pleased to state :

(a) whether the Thottappally Spillway has been effective in controlling the flood in sugar-cane growing area in Central Travancore ; and

(b) whether the views of the Management of the Pamba River Factory, Pulikeezhu have been sought in the matter ?

LIBRARY ARCHIVES Kerala Legislative Assembly

Minister for Works (SHRI K. I. VELAYUDHAN):

(a) Yes, to a certain extent. With the construction of the leading channel from Mathirampally to the Spillway at Thottappally just being taken in hand and the proposed cut joining Manimala and Pampa Rivers just up-stream of the sugar-cane factory, the usefulness of the Spillway in controlling the floods in sugar-cane growing areas will be further enhanced.

(b) Yes.

ശ്രീ. പി. നാരായണൻ പോറ്റി: തോട്ടപ്പള്ളി സ്പിൽവേ പ്രവർത്തനം ഇല്ലാതിരുന്ന കാലവും പ്രവർത്തനം നടന്നിട്ടുള്ള കാലവും താരതമ്യപ്പെടുത്തിയാൽ പണി തുടർന്നതിനശേഷം ഗണ്യമായ പ്രവർത്തനത്തിനു പുരോഗതിയുണ്ടായിട്ടുണ്ടോ? അതായത് പ്രവർത്തനം ഇല്ലാതിരുന്ന കാലത്തെ പ്രവർത്തനം കൂടി പ്രവർത്തനം ആരംഭിച്ചശേഷം താരതമ്യപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: അതു കൃത്യമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. ജെ. ഏ. ട്ടേ: തോട്ടപ്പള്ളി സ്പിൽവേയോട് ബന്ധപ്പെട്ട് തണ്ണീർമുക്കംബണ്ട് ഇതുവരെ പണിചെയ്തതെന്താണ്?

ശ്രീ. കെ. ഐ. വേലായുധൻ: കേന്ദ്രത്തിൽനിന്ന് ഇതുവരെ അതിനെപ്പറ്റി അനുമതി ലഭിച്ചിട്ടില്ല.

ഭൂദൃശ്യക്ഷതിവിതരണം.

* 122. [30] ശ്രീ. എം. എ. ആന്റണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുകൃഷിമന്ത്രി ദയവായി മറുപടി തരുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ പുതിയതായി എത്ര ഗ്രാമങ്ങളിൽ ഭൂദൃശ്യക്ഷതി വിതരണം നൽകിയിട്ടുണ്ട്;

(ബി) മുക്കന്നൂർ, അഴകം മുതലായ വില്ലേജുകളിൽ ഭൂദൃശ്യക്ഷതി വിതരണം നടത്തണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ സാമ്പത്തികവർഷത്തിൽ അതു അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മരാമത്തുകൃഷിമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 144 പുതിയ കേന്ദ്രങ്ങളിൽ ഭൂദൃശ്യക്ഷതി വിതരണം നടത്തിയിട്ടുണ്ട്. 150 കേന്ദ്രങ്ങളിൽകൂടി വിതരണം ചെയ്യാനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) ഉണ്ട്.

(സി) ഈ വർഷത്തിൽ പൂർത്തിയാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly